LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1119

Thursday, *the* *10th February 1944* / *28th Makaram 1119*

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir G. T. BOAG, K.C.I.E., C.S.I.) in the Chair.

Messrs. V. J. Mathai, L. M. Pylee, Popat al Goverdhan Lalan and C. Kunjan Nambudiripad were absent.

QUESTIONS AND ANSWERS

SECRETARIES—DESIGNATION—CHANGE OF

135. Mr. A. V. Moothedan *(Chalakkudi):* Will Government be pleased to state whether they have considered the desirability of changing the designation of "Secretary to Government" to "Chief Secretary" and "Joint Secretaries and Assistant Secretaries" to "Under Secretaries and Secretaries of Departments"?

Mr. B. V. K. Menon *(Secretary to Government):* No.

ARTICLE IN THE "SAHODARAN"

136. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

whether they have noted the whole of the article on page 5 of the "Sahodaran" dated 18th December 1943 undr the Caption "അവരുടെ കാഴ്ച്ചക്ഷമത വ്യഗ്രത".

Mr. B. V. K. Menon *(Secretary to Government):* Yes.

TODDY SHOPS—TRICHUR TALUK

137. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ താലൂക്കിലെ കള്ളുഷാപ്പു കൺടാക്ടർമാരിൽ ഏറവും അധികം ഷാപ്പുകളും ഒന്നാകെ ഏറെടുക്കാവുള്ള മി. പത്രോസ് ഫ ഫ ഫ വ-ൽ ഏറെടുത്ത ഷാപ്പുകൾക്കു ഷാപ്പു ലേലം വകയിൽ ഒട്ടാകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു;

(ബി) പ്രസ്തുത ഷാപ്പുകളിലേക്കു വൃക്ഷനികുതി വകയായി ആദ്യത്തെ അഞ്ചവർഷത്തിൽ ആകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു;

(സി) പ്രസ്തുത ഷാപ്പുകളും ഫ ഫ ഫൻ-ലേക്കു ഒറയായി ലേലം വിളിച്ചപ്പോൾ ആകെ എത്ര ഉറപ്പിക പിരിഞ്ഞുകിട്ടി?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ക. ൻ ന, ന ങ ർ — ൦ — ൦.

(ബി) ക. ഫ ഒ, ൻ ങ ന — ൦ — ൦.

(സി) ക. ഫ, ങ ഫ, ന വ ൦ — ൦ — ൦.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈകൊല്ലം ആദ്യത്തെ അഞ്ചവർഷത്തിൽ എന്തു വൃക്ഷനികുതി കിട്ടിയിട്ടുണ്ടു?

മിസ്റ്റർ സി ജെ. മാത്യു: നോട്ടീസ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഷാപ്പുകൾ ഒറയായി വിളിക്കുമ്പോൾ സംഖ്യ കൂടുതൽകിട്ടുമെന്നു ഗവമ്മെണ്ടിനു ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ടൊ?

മിസ്റ്റർ സി. ജെ. മാത്യു: ഇക്കൊല്ലം ഫ, ങ ഫ, ൦ ൦ ൦ ക. കിട്ടിയതിനു വേറെ കാരണമുണ്ടു. ഇക്കൊല്ലത്തെ ലേലസംഖ്യ മുൻകൊല്ലത്തെക്കാൾ പൊതുവിൽ കൂടിയിട്ടുണ്ടു.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഈ വൃക്ഷനികുതി ഗവമ്മെണ്ടിലേക്കു കിട്ടുന്നതൊ ഷാപ്പിലേക്കു കിട്ടുന്നതൊ?

മിസ്റ്റർ സി. ജെ. മാത്യു: വൃക്ഷനികുതിയെപ്പററിയല്ല ചോദ്യം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ചോദ്യം (ബി) പ്രസ്തുത ഷാപ്പുകളിലേക്കു വൃക്ഷനികുതിവകയായി ആദ്യത്തെ അർദ്ധവർഷത്തിൽ ആകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു്? ഞാൻ ചോദിക്കുന്നതു് ഈ വൃക്ഷനികുതി കിട്ടുന്നതു് ഗവമ്മെണ്ടിനുള്ളതൊ ഷാപ്പിനുള്ളതൊ എന്നാണു്.

മിസ്റ്റർ സി. ജെ. മാത്യു: ഗവമ്മെണ്ടിനുള്ളതാണു്.

EXCISE SUB-INSPECTORS—APPOINTMENT OF

138. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ പറമ്പി ലോനപ്പൻ എക്സൈസ്സു് കമ്മീഷണരായി നിയമിതനായതു് എന്നാണു്;

(ബി) അദ്ദേഹം കമ്മീഷണരായതിനുശേഷം ഡിപ്പാർട്ടുമെണ്ടിൽനിന്നു എത്ര പേരെ സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്തിട്ടുണ്ടു്;

(സി) അവർ ആരെല്ലാമാണെന്നും ഏതേതു സമുദായത്തിൽ പെട്ടവരാണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാമെന്നും ഓരോരുത്തരുടേയും ആകെ സർവ്വീസ്സു് എത്ര കൊല്ലം വീതമാണെന്നും പറയാമോ;

(ഡി) സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്യപ്പെട്ട ഈ ആഫീസർമാരേക്കാൾ കൂടുതൽ സർവ്വീസുള്ളവരും ഇവരെപ്പോലെയൊ കൂടുതലൊ പരീക്ഷായോഗ്യതയുള്ളവരും ഇപ്പോൾ സർവ്വീസിലുള്ളവരിൽ ആരെങ്കിലുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും, ഏതേതു് സമുദായത്തിൽ പെട്ടവരാണെന്നും അവർ ഓരോരുത്തരുടേയും ആകെ സർവ്വീസ്, പരീക്ഷായോഗ്യത ഇവകൾ എന്തെല്ലാമാണെന്നും പറയാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ൨൦—൪—൧൯൪൪-ൽ.

(ബി) ആകെ ഒമ്പതു പേരെ.

(സി) അനുബന്ധം നോക്കുക. *(Appendix I)*

(ഡി) ഉണ്ടു്.

(ഇ) അനുബന്ധം നോക്കുക. *(Appendix II)*

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഈ അനുബന്ധം രണ്ടാമത്തേതിൽ.....

മിസ്റ്റർ സി. ജെ. മാത്യു: അതിൽ ഒരു തെററു് വന്നിട്ടുണ്ടു്. 'വാവണ്ണി' എന്നല്ല 'രാവുണ്ണി' എന്നാണു് പേരു്.

PALMYRA TREES—TAPPING OF

139. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) എക്സൈസ് വടക്കെ സർക്കിളിൽപെട്ട ചിറ്റൂർ നെന്മാറ ഈ റെയിഞ്ചുകളിൽ മുദ്രവെയ്ക്കാത്ത പനകൾ പുളിങ്കള്ളാവശ്യത്തിലേക്കു ഷാപ്പുലേലക്കാർ ചെത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേല്പറഞ്ഞ ഓരോ റെയിഞ്ചിൽ എത്ര പനകൾ വീതം ഇങ്ങിനെ ചെത്തിവരുന്നുണ്ടു്;

(സി) തലപ്പിള്ളി താലൂക്കിലും ഇതുപോലെ മുദ്രവെയ്ക്കാത്ത പനകളും തെങ്ങുകളും ചെത്തിച്ചുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ റെയിഞ്ചിൽ എത്ര പനയും തെങ്ങും വീതമുണ്ടു്;

(ഇ) ഇങ്ങിനെ ചെത്തിച്ചുവരുന്നതു് വടക്കെ സർക്കിൾ ഇൻസ്പെക്ടരുടെ അറിവോടുകൂടിയാണോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly